(സി) പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് സമയബന്ധിതമായി പരിഹരിക്കാൻ എന്തു നടപടിയാണ് സർക്കാർ എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചുവടെ ചേർത്തിട്ടുണ്ട്.

ക്രമ നമ്പർ	കാറ്റഗറി	ജീവനക്കാരുടെ എണ്ണം	പട്ടിക ജാതി	പട്ടിക വർഗ്ഗം
1.	എക്സിക്യൂട്ടിവ് ആൻറ് മിഡിൽ ലെവൽ എക്സിക്യൂട്ടിവ്	278	13	ഇല്ല
2.	ലോവർ കാറ്റഗറി	179	11	ഇല്ല
3.	വർക്കർ കാറ്റഗറി	994	72	6
	ആകെ	1451	96	6

(ബി) യും (സി) യും ഉണ്ട്.

പട്ടിക വിഭാഗക്കാർക്ക് നിയമനങ്ങളിൽ മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുവാൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ 'കെല്ലിൽ' പരമാവധി പാലിച്ചിട്ടുണ്ട്. എന്നാൽ 'ടോപ്പ് ലെവൽ' സ്ഥാനങ്ങളിൽ (എക്സിക്യൂട്ടീവ് കാറ്റഗറി) 5% തസ്തികകളിൽ എസ്.സി./എസ്.റ്റി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും നിയമനം നടത്തണമെന്ന് അനുശാസിക്കുന്ന 10/11/93 ലെ ജി.ഒ.(എം.എസ്) നമ്പർ 23/93/പ്ലാനിംഗ് എന്ന ഉത്തരവ് കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിലും നടപ്പിലാക്കുന്നതിനായുള്ള ശ്രമം നടന്നുവരുന്നു.

21 (523) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെൻറ് കോർപ്പറേഷൻ

ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഇതിനകം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മേഖലാടിസ്ഥാനത്തിൽ സംസ്ഥാനത്തു വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷൻ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകൾ തുടങ്ങുന്നതിന് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എത്ര പ്രോജക്ടുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്; അറിയിക്കുമോ;

(ഡി) കിൻഫ്രയുടെ പ്രവർത്തനങ്ങൾക്ക് ഇതുവരെ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ എത്രകോടി രൂപ നൽകിയിട്ടുണ്ട്; ഇതിൽ ഓരോ ഇനത്തിലും ചെലവഴിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി കിൻഫ്രാ നടപ്പാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(1) കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്, എറണാകുളം.

കിൻഫ്ര ഏറ്റെടുത്ത 180 ഏക്കർ ഭൂമിയിൽ ലാന്റ് ഡവലപ്മെന്റ് ജോലികൾ പൂർത്തിയാക്കി വ്യവസായികൾക്കു നൽകുന്നതിനുള്ള പ്രക്രിയ ആരംഭിച്ചിട്ടുണ്ട്. കെ.സി.പി.എൽ എന്ന സ്ഥാപനം ഇവിടെ ഉല്പാദനം ആരംഭിച്ചു കഴിഞ്ഞു.

(2) കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക്, തുമ്പ.

കിൻഫ്ര ഏറ്റെടുത്തിട്ടുള്ള 45 ഏക്കർ ഭൂമിയിൽ, റെഡിമെയ്ഡ് വ്യവസായ സംരംഭകർക്കു വേണ്ടി മൂന്നു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടങ്ങളുടെ പണി അവസാന ഘട്ടത്തിലാണ്. ഇവ വ്യവസായ സംരംഭകർക്ക് നൽകുന്നതിനുള്ള നടപടികളും എടുത്തു വരുന്നു.

(3) ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സെന്റർ, തുമ്പ.

40 ഏക്കർ ഭൂമി ഇതിനായി ഏറ്റെടുത്തു. ചെറുകിട വ്യവസായികൾക്ക് വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ലാന്റ് അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(4) ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കാഞ്ചേരി

മലപ്പുറം ജില്ലയിൽ 70 ഏക്കർ ഭൂമിയിൽ കിൻഫ്രാ നിർമ്മിക്കുന്ന ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഈ പാർക്കിൽ ഒരു ഐ.റ്റി ബിൽഡിംഗും, ഒരു ഫുഡ് പ്രോസസിംഗ് സോണിന്റെയും നിർമ്മാണപ്രവർത്തനങ്ങളും പൂർത്തിയായി വരുന്നു.

കിൻഫ്രാ നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികൾ

(5) ഐ-കിൽ തിരുവനന്തപുരം

കിൻഫ്രാ - ഐ.സി.ഐ.സി.ഐ.യുമായി ചേർന്ന് ഐ-കിൽ എന്ന ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. അടിസ്ഥാനസൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതികൾ കണ്ടെത്തുന്നതിനും അതിനെപ്പറ്റി പഠനം നടത്തുന്നതിനുമാണ് ഇത്. ഇതിനകം മട്ടാഞ്ചേരി ബ്രിഡ്ജ് ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾ വിവിധ വകുപ്പുകളുമായി സഹകരിച്ച് നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(6) റബ്ബർ പാർക്ക്, ഐരാപുരം

എറണാകുളം ജില്ലയിൽ ഐരാപുരത്ത് കിൻഫ്രയും റബ്ബർ ബോർഡും ചേർന്ന് 100 ഏക്കറിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നു. ഇതിനായി 50 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു.

(7) അരൂരിലെ മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ

കിൻഫ്രയും എം.പി.ഇ.ഡി.എ.യും ചേർന്ന് ആലപ്പുഴ ജില്ലയിലെ അരൂരിൽ കയറ്റുമതി അധിഷ്ഠിത മത്സ്യ വ്യവസായങ്ങൾ തുടങ്ങുന്നതിന് എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഒരു മറൈൻ പ്രോഡക്ട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ നിർമ്മിക്കുന്നുണ്ട്.

(8) ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ്, കഞ്ചിക്കോട്

പാലക്കാട്ടെ കഞ്ചിക്കോട് സംയുക്തമേഖലയിൽ ഒരു ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് സ്ഥാപിക്കുന്നതിനായി 740 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനിരിക്കുന്നതേയുള്ളൂ.

(9) ഫിലിം ആന്റ് വീഡിയോ പാർക്ക്

ഫിലിം വീഡിയോ സംബന്ധമായ വ്യവസായങ്ങൾ തുടങ്ങുന്നതിന് കഴക്കൂട്ടം സൈനിക് സ്കൂൾ പരിസരത്ത് 75 ഏക്കർ ഭൂമിയിൽ ഫിലിം വീഡിയോ പാർക്ക് സ്ഥാപിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്.

(10) ആയുർവേദ ഹെർബൽ വില്ലേജ് ഇടുക്കി

ഔഷധ ചെടികളുടെ തോട്ടങ്ങൾ ഉണ്ടാക്കുന്നതിനും ഭാഗികമായി സംസ്കരണം നടത്തുന്നതിനും വ്യവസായ സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്ന ഒരു പദ്ധതി എന്ന നിലയിൽ ഇടുക്കി ജില്ലയിൽ ഒരു ഹെർബൽ വില്ലേജ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം തുടങ്ങിയിട്ടുണ്ട്.

(11) കൂടാതെ കാസർഗോഡ് ജില്ലയിലെ സിതഗോളിയിലും കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും എറണാകുളം ജില്ലയിലെ മഴുവന്നൂരും ചെറുകിട വ്യവസായ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾ അല്ലാതെ മറ്റു പദ്ധതികൾക്കൊന്നും കിൻഫ്രാ ഇപ്പോൾ രൂപം നൽകിയിട്ടില്ല.

(സി) വിഭാഗത്തിൽ സൂചിപ്പിച്ചതല്ലാതെ മറ്റു പദ്ധതികൾ കിൻഫ്രയ്ക്കില്ല.

(ഡി) അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.†

22 (524) കിൻഫ്രായുടെ പ്രവർത്തന മേഖലകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന കിൻഫ്രായുടെ പ്രവർത്തന മേഖലകൾ ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

18.	Moal Kerala Nitrous Ltd.	Palakkad
19.	Optima Packagings Ltd.	Idukki
20.	Peninsula Polymers Ltd.	Trivandrum
21.	Pigments Ltd.	Thrissur
22.	Premier Polycoaters Ltd.	Thrissur
23.	Salar Solvent Extractions Ltd.	Palakkad
24.	Seven Seas Nylons Ltd.	Ernakulam
25.	Sri Sai Maharaj Pulp & Paper Mills	Palakkad
26.	Veneers & Laminations (India) Ltd.	Pathanamthitta
27.	Wood House Ltd.	Thrissur
28.	Thomson Drugs & Chemicals Ltd.	Malappuram
29.	Travancore Sulphates Ltd.	Trivandrum
30.	Formalin Products Ltd.	Alappuzha
31.	Premier Morarji Chemical Co Ltd.	Alappuzha
32.	KTC Tyres India Ltd	Malappuram
33.	Malabar Phyto Chemicals Ltd.	Malappuram
34.	Malabar Polyols & Allied Products	Malappuram
35.	Oriental Plastics & Laminations Ltd.	Thrissur
36.	Sushie Rubber Industries Ltd.	Wayanad
37.	Vanjinad Leathers Ltd.	Malappuram
38.	Velton Prefab Elements Ltd.	Ernakulam
39.	Venad Pharmaceuticals & Chemicals	Alappuzha

അനുബന്ധം-IV

25-6-99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 21 (523) കാണുക

അനുബന്ധം-I

(രൂപ കോടിയിൽ)

പദ്ധതി	അനുവദിച്ച തുക			ചെലവഴിച്ച തുക (31/03/99)
	സംസ്ഥാനം	കേന്ദ്രം	ആകെ	
കിൻഫ്രാ എക്സ്പോർട്ട്പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം	23.47	8.49	31.96	31.96
കിൻഫ്രാ ഇന്റർനാഷണൽ അപ്പാരൽ പാർക്ക് / ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് സെന്റർ, തിരുവനന്തപുരം	17.22	1.94	19.16	13.97

207/2010.

LIBRARY ARCHIVES Kerala Legislative Assembly

കിൻഫ്രാ ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക് /ഇൻഫർമേഷൻ ടെക്നോജി കാക്കാഞ്ചേരി, മലപ്പുറം	19.02	2.00	21.02	7.30
ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ്, പാലക്കാട്	9.35	--	9.35	7.84
സ്ഥലമെടുപ്പ് - ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് / പാലക്കാട്	10.00	--	10.00	10.00
റബ്ബർ പാർക്ക്, എറണാകുളം	7.695	--	7.695	5.79
മഴുവന്നൂർ സ്ഥലമെടുപ്പ്	2.42	--	2.42	2.42
ഐ.സി.ഐ.സി.ഐ. തിരുവനന്തപുരം	1.20	--	1.20	0.08
കാസർഗോഡ്, സ്ഥലമെടുപ്പ്	2.42	--	2.42	2.42
സ്ഥലമെടുപ്പ്-തിരുവനന്തപുരം	1.74	--	1.74	0.82
എം.പി.ഇ.ഡി.എ., അരൂർ	2.50	--	2.50	2.50
ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് സെന്റർ, കണ്ണൂർ	6.355	1.00	7.355	2.60
ഫിലിം വീഡിയോ പാർക്ക്, തിരുവനന്തപുരം	0.50	--	.50	--
പൊതുഭരണ ചിലവുകൾ	1.981	--	1.981	2.971
	105.871	13.43	119.301	90671

അനുബന്ധം-V

25-6-99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 34 (536) കാണുക

അനുബന്ധം

നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കാൻ സ്വീകരിച്ച നടപടികൾ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനഃസംഘടയ്ക്കും വിപുലീകരത്തിനുമായി, സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. ഇതിനാവശ്യമായ ധനം സ്വരൂപിക്കുന്നതിനു വേണ്ടി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡ് രൂപീകരിച്ചു കഴിഞ്ഞു. ഈ ഫണ്ടിനാവശ്യമായ സ്കീം തയ്യാറാക്കി കഴിഞ്ഞു. ഇതിൽ നിന്നും ധനസഹായം ലഭിക്കുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ, ഉത്പന്ന വൈവിദ്ധ്യവത്ക്കരണം മുതലായ പദ്ധതികൾ മുഖേന ലാഭത്തിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതുകൂടാതെ, വിവിധ മേഖലയിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി എല്ലാ സെക്ടറുകളിലും വിദഗ്ധ സമിതികൾ രൂപീകരിച്ചു. തുണി വ്യവസായ മേഖലയ്ക്ക് വേണ്ടിയുള്ള കമ്മിറ്റി അതിന്റെ പഠന റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു കഴിഞ്ഞു. എല്ലാ സെക്ടറുകളിലെയും കമ്മിറ്റികളുടെ പലവട്ട ചർച്ചകൾ നടന്നു കഴിഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പെർഫോമൻസ് കോൺട്രാക്സ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതു കൂടാതെ, ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസംതോറും വിശകലനം നടത്തി വരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly